# കൈക്കുളങ്ങരയും ആരോഗ്യകല്പദ്രുമവും

**എസ്. പരമേശ്വരൻ**

''സർവ്വജ്ഞ ഋഷിരുത് ക്രാന്തഃ സദ്ഗുരു ശുകവർത്മനാ
ആഭാതി പരമവ്യോമ്നി പരിപൂർണ്ണകലാനിധി
ലീലയാകാലമധികം നീത്വാ/ന്തേ സ മഹാപ്രഭുഃ
നിസ്സ്വം വപുഃ സമുത്സൃജ്യ സ്വം ബ്രഹ്മ വപുരാസ്ഥിതഃ''

ശ്രീനാരായണഗുരു ചട്ടമ്പിസ്വാമിയെക്കുറിച്ചെഴുതിയ ഈ വരികൾ കൈക്കുളങ്ങര രാമവാര്യരെ സംബന്ധിച്ചും യോജിക്കുന്നതാണ്. സർവ്വജ്ഞനും പരിപൂർണ്ണ കലാനിധി യുമായിരുന്ന കൈക്കുളങ്ങര, അറിവിന്റെ സമസ്ത ശാഖകളേയും തന്നിലേക്ക് സ്വാംശീ കരിച്ച ആളായിരുന്നു. വൈദികവിഷയത്തിലായാലും, ജ്യോതിഷത്തിലായാലും, വൈദ്യവിജ്ഞാനീയത്തിലായാലും, ജ്ഞാനത്തിന്റെ മറ്റേതു മേഖലയിലായാലും ആ മഹാപണ്ഡിതന്റെ അറിവ് അപാരമായിരുന്നു. അതേസമയം, തനിക്ക് സ്വായത്തമാ ക്കാൻ സാധിച്ച അറിവിന്റെ പേരിൽ തെല്ലും അഹങ്കരിക്കാതെ നിസ്സംഗതയോടെ ജീവിച്ച ആളുമായിരുന്നു. എഴുതിയതെല്ലാം പ്രസിദ്ധീകരിച്ച് പേരും പണവും ആർജ്ജിക്കണ മെന്നും വിചാരിച്ചില്ല. എല്ലാം ഒരു ലീലയായി കരുതി കാലം കഴിച്ച ആളായിരുന്നു. പ്രസാധകരുടെ താല്പര്യ പ്രകാരം ചിലതൊക്കെ പ്രസിദ്ധീകരിച്ചതു കാരണം അത്രയെ ങ്കിലും നഷ്ടമാകാതെ നമുക്ക് ലഭിച്ചു.

വൈദ്യവിഷയത്തിൽ അദ്ദേഹത്തെ ഏറ്റവും സ്വാധീനിച്ച ഗ്രന്ഥം അഷ്ടാംഗഹൃദ യമായിരുന്നുവെന്നു വേണം വിചാരിക്കാൻ. ഹൃദയത്തിനദ്ദേഹം ''സാരാർത്ഥദർപ്പണം'', ''ഭാവപ്രകാശം'' എന്നിങ്ങനെ രണ്ട് പ്രസിദ്ധ വ്യാഖ്യാനങ്ങൾ എഴുതുകയുണ്ടായി. ഒന്നിൽ പറഞ്ഞതു കൊണ്ടും മതിയായില്ലാ എന്നു തോന്നിയതു കൊണ്ടാവണമല്ലോ അതേ ഗ്രന്ഥത്തിന് വീണ്ടുമൊരു വ്യാഖ്യാനം കൂടി എഴുതി പ്രകാശിപ്പിച്ചത്. എത്ര പഠി ച്ചാലും തീരാത്തത്ര അർത്ഥവ്യാപ്തിയുള്ളതാണ് അഷ്ടാംഗഹൃദയമെന്നാണ് ഇത് സൂചിപ്പിക്കുന്നത്. പിൽക്കാലത്ത് പദാനുപദമല്ലാതെ ഭാവാർത്ഥ പ്രകാശകമായി സ്വതന്ത്രശൈലിയിൽ അഷ്ടാംഗഹൃദയം മുഴുവനും ഭാഷാപദ്യങ്ങളിൽ തർജ്ജമ ചെയ്ത ശ്രീ. പി.എം. ഗോവിന്ദൻ വൈദ്യരും പറയേണ്ടതെല്ലാം പറയാനായില്ല എന്നു വിചാരിച്ചിട്ടാണല്ലോ 'അരുണോദയം' എന്നൊരു പ്രസിദ്ധ വ്യാഖ്യാനം കൂടി അഷ്ടാംഗഹൃദയത്തിനെഴുതി പ്രസിദ്ധീകരിച്ചത്. അഷ്ടാംഗഹൃദയത്തിനുണ്ടായി

ട്ടുള്ളത്ര വ്യാഖ്യാനങ്ങൾ മറ്റൊരു ചികിത്സാഗ്രന്ഥത്തിനുമുണ്ടായിട്ടില്ല. അത്രയ്ക്കു വിശിഷ്ഠമായ അഷ്ടാംഗഹൃദയത്തെയാണ് കേരളീയർ വൈദ്യപഠനത്തിനുള്ള മൗലിക ഗ്രന്ഥമായി സ്വീകരിച്ചത്. കേരളീയ വൈദ്യന്മാർക്ക് ഇതര സംസ്ഥാനങ്ങളിൽ പ്രശസ്തി യുണ്ടാവാനുള്ള കാരണവും അഷ്ടാംഗഹൃദയത്തിലുള്ള വ്യുത്പ്പത്തിയായിരുന്നു. സർവ്വകലാശാല തലത്തിൽ ആയുർവ്വേദത്തിന്റെ പുതിയ പാഠ്യപദ്ധതിയിൽ അഷ്ടാംഗഹൃദയപഠനം ''സൂത്രസ്ഥാന''ത്തിലൊതുക്കിയത് തീർച്ചയായും ഗുണകരമ ല്ലായെന്ന് സന്ദർഭവശാൽ പറഞ്ഞുകൊള്ളട്ടെ.

കേരളത്തെ സംബന്ധിച്ചു പറയുമ്പോൾ വാഗ്ഭട പാരമ്പര്യത്തിനോടൊപ്പം തനി കേരളീയവും ഫലപ്രദവുമായ പല ചികിത്സാക്രമങ്ങളും വിവിധ വൈദ്യഗുരു പരമ്പരക ളിലായി നിലവിലുണ്ടായിരുന്നു. രണ്ടിനേയും സമന്വയിപ്പിച്ച് സമർത്ഥമായി രോഗശ മനം വരുത്തുകയെന്നതായിരുന്നു കേരളീയ വൈദ്യന്മാരുടെ ചികിത്സാരീതി. ഗുരുകുല സമ്പ്രദായങ്ങളും മറ്റും നഷ്ടമാവുകയും ആധുനികവൈദ്യത്തിന്റെ പ്രചാരവും അതിലെ സാങ്കേതിക മികവും ഒക്കെ കാരണമായി കേരളീയമായ പല ചികിത്സാമുറകളും രോഗ ശമനോപായങ്ങളും പഠിച്ചു പരിചയിക്കാൻ ആളില്ലാതെ നഷ്ടമായി. അത്തരം ചികിത്സാക്രമങ്ങൾ എഴുതി സൂക്ഷിച്ച താളിയോല ഗ്രന്ഥങ്ങൾ ചിതലരിക്കുകയും പ്രയോഗവിധികൾ കാണിച്ച് ഉപദേശം തരേണ്ടുന്ന ഗുരുക്കന്മാരുടെ എണ്ണം വിരളമാവു കയും ചെയ്തു. ഇതിലൊന്നും വിശ്വാസമില്ലാതെ വളർന്നുവന്ന ഒരു പുത്തൻ തലമുറ ഇവിടുള്ളതൊക്കെ അന്ധവിശ്വാസമാണെന്നു പറഞ്ഞു കാരണവന്മാർ മിനക്കെട്ടു പഠിച്ചു എഴുതി സൂക്ഷിച്ച ഗ്രന്ഥക്കെട്ടുകൾ പഴയോലകളായി കരുതി ചപ്പും ചവറി ന്റെയും കൂട്ടത്തിൽ ചുട്ടുചാരമാക്കുകയും ചെയ്തു. ആധുനിക ചികിത്സാ സമ്പ്രദായ ത്തിന്റെ ആഗോളവത്ക്കരണം നടന്നു കഴിഞ്ഞതിനു ശേഷവും ആരോഗ്യ രംഗത്ത് ആശാസ്യമായ ഒരു സ്ഥിതി കൈവന്നില്ലായെന്നു ബോദ്ധ്യപ്പെട്ടപ്പോൾ അലോപ്പതിയുടെ ആചാര്യന്മാർ തന്നെ ഇന്ത്യയിലേയും ചൈനയിലേയും പാരമ്പര്യ ചികിത്സാ ക്രമങ്ങളെ അന്വേഷിച്ചു തുടങ്ങി. അപ്പോഴാണ് ഇവിടെയുള്ളവർക്ക് നമ്മുടെ നാടൻ ചികിത്സാക്രമ ങ്ങളും ശാസ്ത്രീയമായിരുന്നുവെന്ന് ബോദ്ധ്യപ്പെട്ടത്. പക്ഷേ, കഷ്ടമെന്നു പറയട്ടെ, ഇത്തരം ഒരു തിരിച്ചറിവുണ്ടാകുന്നതിനു മുമ്പു തന്നെ നമ്മുടെ അറിവുകൾ പലതും നഷ്ടമായി കഴിഞ്ഞിരുന്നു. ഇങ്ങനെയൊരു പശ്ചാത്തലത്തിലാണ് കൈക്കുളങ്ങരയുടെ ''ആരോഗ്യകല്പദ്രുമം'' എന്ന ചികിത്സാഗ്രന്ഥത്തിന്റെ പ്രസക്തി. കേരളത്തിൽ, പ്രത്യേ കിച്ചും കൊച്ചിയിലും തെക്കേ മലബാറിലുമുണ്ടായിരുന്ന പല വൈദ്യകുടുംബങ്ങളിലും നിലനിന്നിരുന്ന ചികിത്സാരീതികളെ നേരിൽ പഠിച്ചിരുന്ന അദ്ദേഹം അഷ്ടാംഗഹൃദ യത്തിന്റെ പഠനവും വ്യാഖ്യാനവും കൊണ്ടുരുത്തിരിഞ്ഞു കിട്ടിയ അറിവിന്റെ വെളിച്ച

ത്തിൽ ത്യാജ്യഗ്രാഹ്യവിവേചനത്തോടെ ശ്രദ്ധാപൂർവ്വം എഴുതിയുണ്ടാക്കിയതാണ് ആരോഗ്യകല്പദ്രുമം. ശ്രീ. കൈക്കുളങ്ങര, ഇങ്ങനെയൊരു ഗ്രന്ഥം രചിച്ചില്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ മൗലികതയുള്ള ചില ചികിത്സാസമ്പ്രദായങ്ങൾ എന്നേക്കുമായി നഷ്ടപ്പെടുമായിരുന്നു. ആരോഗ്യകല്പദ്രുമം ഒരു ബാലചികിത്സാ ഗ്രന്ഥമായിട്ടാണ് എഴുതിയിട്ടുള്ളതെങ്കിലും, ഏതു പ്രായത്തിലുള്ളവർക്കും പ്രയോഗാർഹങ്ങളായ ഔഷധയോഗങ്ങളാണ് അതിലുള്ളത്.

''അത്രബാലാർത്ഥമുദ്ദിഷ്ടാ യോഗായോജ്യാശ്ചയൂനപീ
ഇത്യേകേനോഭയം സിദ്ധം ഗൃഹ്യതാം തേന മദ്വച''

എന്നദ്ദേഹം തന്നെ ഗ്രന്ഥത്തിന്റെ ഒടുവിൽ പ്രസ്താവിച്ചിട്ടുമുണ്ട്.

''തത്സർവ്വം യോജയേദത്ര കിന്തു മാത്രാതു ഭിദ്യതേ''

എന്നിങ്ങനെ പ്രായഭേദമനുസരിച്ചു ഔഷധമാത്ര വ്യത്യാസപ്പെടുത്തി പ്രയോഗിക്കണമെന്നും കുശാഗ്രബുദ്ധിയായ അദ്ദേഹം പറഞ്ഞിട്ടുമുണ്ട്. മാത്രമല്ല, കുട്ടി ജനിച്ച അന്നു മുതൽ പതിനാറു വയസ്സു തികയുന്നതുവരേയ്ക്കും അതിനുമേൽ പ്രായമുള്ളവർക്കും സ്വീകരിക്കേണ്ടുന്ന വ്യത്യസ്തമായ സാമാന്യ മാത്രകളെ സമഗ്രമായി വിവരിച്ചിട്ടുമുണ്ട്. ബുദ്ധിമാനായ ഒരു വൈദ്യന് രോഗിയുടെ പ്രായഭേദം, ദോഷദൂഷ്യാദികൾ, കാലദേശാദ്യവസ്ഥകൾ എന്നിവയ്ക്ക് അനുസൃതമായി മദ്ധ്യമപക്ഷത്തെ ആശ്രയിച്ചു പറഞ്ഞിരിക്കുന്ന മാത്രകളെ കുറയ്ക്കുകയോ, കൂട്ടുകയോ ചെയ്യാവുന്നതാണ്. ബാലന്മാർക്കായി പറയപ്പെട്ട പ്രയോഗങ്ങൾ അന്യന്മാർക്കും ഉപയോഗിക്കാവുന്നതും അങ്ങനെ ആരോഗ്യകല്പദ്രുമം ഉഭയപ്രയോജനസിദ്ധമായ ചികിത്സാഗ്രന്ഥമായും തീർന്നിരിക്കുന്നു.

യോഗഗ്രന്ഥമെന്ന നിലയ്ക്ക് സഹസ്രയോഗമാണ് കേരളത്തിലെ സുപ്രധാന ഗ്രന്ഥം. അതു കഴിഞ്ഞാൽ ''വൈദ്യനിക്ഷേപസംഗ്രഹ''മാണുള്ളത്. ഈ രണ്ടു ഗ്രന്ഥങ്ങളിലും ഇല്ലാത്ത ഒട്ടനവധി ഫലസിദ്ധിയുള്ള യോഗങ്ങൾ ശ്രീ. കൈക്കുളങ്ങര സമാഹരിച്ചിട്ടുണ്ട്. അദ്ദേഹമങ്ങനെ ചെയ്തില്ലായിരുന്നുവെങ്കിൽ കേരളത്തിൽ ഗുരുശിഷ്യ പാരമ്പര്യത്തിൽ രഹസ്യമാക്കിവെച്ചിരുന്ന അനവധി യോഗങ്ങൾ എന്നേയ്ക്കുമായി നഷ്ടപ്പെടുമായിരുന്നു. തനിക്ക് ലഭിച്ച അറിവ് ഇന്ത്യയിലൊട്ടാകെ പ്രയോജനപ്പെടണമെന്ന വിശാലബുദ്ധി കാരണം ഇന്ത്യയിലെ വിദ്വത് ഭാഷയായ സംസ്കൃതത്തിൽ ഗ്രന്ഥരചന നിർവഹിക്കുകയും ചെയ്തു. സംസ്കൃതം അറിയാത്ത കേരളീയർക്കു വേണ്ടി ഒരു മലയാള പരിഭാഷയും കൂടി എഴുതിച്ചേർത്തിട്ടാണദ്ദേഹം ഗ്രന്ഥം പ്രസിദ്ധീകരിച്ചത്. ഇപ്പോഴത് ഇംഗ്ലീഷിലേക്കും പരിഭാഷ ചെയ്ത് പ്രസിദ്ധീകരിച്ചു കഴിഞ്ഞു. അങ്ങനെ ലോകത്തിന്റെ തന്നെ ആയുർവേദ വിജ്ഞാനത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു കൈക്കുളങ്ങരയുടെ ഗ്രന്ഥവും കേരളീയ ചികിത്സാപാരമ്പര്യവും.

വൈദ്യഗ്രന്ഥങ്ങളിൽ അസാമാന്യ പാണ്ഡിത്യം ഉണ്ടായിരുന്നുവെങ്കിലും കൈക്കു ളങ്ങര ഒരു ചികിത്സകനായി പ്രാക്ടീസ് ചെയ്തിരുന്നുവോ എന്ന് ചിലരെങ്കിലും സംശയം പ്രകടിപ്പിച്ചു കണ്ടിട്ടുണ്ട്. ആരോഗ്യകല്പദ്രുമത്തിലെ ഏതൊരദ്ധ്യായം വായി ച്ചാലും ചികിത്സാവൃത്തിയിൽ നല്ലവണ്ണം കൈത്തഴക്കം വന്ന പരിണതപ്രജ്ഞനായ വൈദ്യനായിരുന്നു അദ്ദേഹമെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. അദ്ദേഹത്തിന്റെ അഷ്ടാംഗഹൃദയം ഭാവപ്രകാശം വ്യാഖ്യാനത്തിൽ ധാന്വന്തരം തൈലയോഗത്തിന് അർത്ഥം പറയുന്നിടത്ത് കഷായത്തിനു പറഞ്ഞിട്ടുള്ള യവകോലകുലത്ഥദശമൂലങ്ങൾ പതിമൂന്നും തുല്യാംശമായിട്ടും കല്ക്കദ്രവ്യഗണത്തിലുൾപ്പെട്ട കാളാനുസാരിക്ക് ഉലുവ യെന്നും അർത്ഥം സ്വീകരിച്ചു വരുന്ന കേരളീയ വൃദ്ധവൈദ്യപക്ഷത്തെ യുക്തി ഭദ്ര മായി സ്ഥാപിച്ചിട്ടുള്ളത് സ്വാനുഭവത്തിന്റെ കൂടി പിൻബലത്തിലാകാതെ വയ്യ. പ്രസിദ്ധ മായ താലീസപത്രാദിചൂർണ്ണം കൈക്കുളങ്ങരയുടെ വ്യാഖ്യാനം അനുസരിച്ചുള്ള അംശകല്പനയിൽ തയ്യാറാക്കിയാൽ മാത്രമേ ഫലപ്രദമായി കാണുന്നുള്ളൂ. ഇതിൽ നിന്നൊക്കെ വ്യക്തമാകുന്നത് അദ്ദേഹം സമർത്ഥനായ ഒരു ചികിത്സകൻ ആയിരുന്നു വെന്നതാണ്. ബഹുമുഖ പ്രതിഭയായിരുന്ന അദ്ദേഹം ഒരിടത്ത് ഒതുങ്ങിയിരുന്ന് ചികിത്സ ചെയ്തിട്ടുണ്ടാവില്ല. എന്നാൽ ചെന്നേടത്തൊക്കെ ആവശ്യപ്പെട്ടവർക്ക് വിദ ഗ്ധവും വിശിഷ്ടവുമായ ചികിത്സോപദേശം നല്കിയിട്ടുണ്ടാവുമെന്നതിൽ സംശയിക്കേ ണ്ടതില്ല. പ്രത്യക്ഷഫലാനുഭവമുള്ള അനവധി ചികിത്സോപായങ്ങൾ അറിഞ്ഞിരുന്നതു കൊണ്ട് രോഗിയോടൊത്ത് അധികനാൾ താമസിച്ചു ചെയ്യേണ്ടുന്ന ചികിത്സാക്രമങ്ങൾ ഒഴിവാക്കി ലഘുപദ്ധതികളിലൂടെ രോഗനിവാരണം വരുത്തുവാൻ അദ്ദേഹത്തിനു കഴി ഞ്ഞിരിക്കാം. അല്ലാതെ അദ്ദേഹം ഒരു പണ്ഡിതനായ ഗ്രന്ഥകാരൻ മാത്രമായിരുന്നു വെന്നും ചികിത്സകനായിരുന്നില്ലെന്നും കരുതുന്നത് കേവലം മൗഢ്യമായിരിക്കും.

ബാലചികിത്സാരംഗത്ത് കേരളത്തിൽ അതിപുരാതനകാലം മുതൽക്കു തന്നെ സ്വന്തമായൊരു ചികിത്സാസരണിയുണ്ട്. തികച്ചും മൗലികമായ ഈ ബാലോപചര ണീയ ക്രമം സുശ്രുതാദി സംഹിതകളിൽ നിന്നുമോ കാശ്യപസംഹിത മുതലായ കൗമാ രഭൃത്യഗ്രന്ഥങ്ങളിൽ നിന്നുമോ നിർദ്ധാരണം ചെയ്തിട്ടുള്ളതുമല്ല. ഇവിടത്തെ കാലദേ ശാവസ്ഥകൾക്കനുസൃതമായി ഈ പ്രദേശത്ത് സുലഭമായി ലഭിക്കുന്ന സസ്യൗഷധ ങ്ങൾ ഉപയോഗിച്ച് നമ്മുടെ പൂർവ്വീകർ വികസിപ്പിച്ചെടുത്തിട്ടുള്ളതാണത്. ബൗദ്ധ പാര മ്പര്യത്തിലൂടെ കേരളീയർക്ക് ജാതിമതഭേദമെന്യേ പഠിക്കാനായ അഷ്ടാംഗഹൃദയം കേരളീയമായ ഈ ബാലചികിത്സാക്രമത്തെ പരിപോഷിപ്പിക്കുന്നതിൽ വളരെ സഹായ കമായിട്ടുമുണ്ട്. ഒരു രോഗം തീർത്ത് മറ്റൊന്നുണ്ടാകാത്ത ഈ ചികിത്സാക്രമം പല

വൈദ്യപരമ്പരകളിലായി ചിതറിക്കിടന്നതിനെ ശ്രീ രാമവാര്യർ, പലേതരം പുഷ്പങ്ങ ളിൽ നിന്നും കേടില്ലാത്തവയെ മാത്രം തിരഞ്ഞെടുത്തു മനോധർമ്മത്തോടുകൂടി ഭഗവാനുള്ള ചാർത്തുമാല കെട്ടുന്നതുപോലെ ശ്രദ്ധാപൂർവ്വം ഏകോപിപ്പിച്ചുണ്ടാക്കിയതാണ് ആരോഗ്യകല്പദ്രുമം. അതുകൊണ്ട് അനേകം ഗുരുക്കന്മാരുടെ അടുക്കൽ പഠിച്ചാൽ കിട്ടുന്ന പ്രയോജനം ആരോഗ്യകല്പദ്രുമത്തിന്റെ പഠനം കൊണ്ട് ലഭിക്കുന്നു.

ഭാഷാബാലചികിത്സാകാരൻ -

'കരപ്പുജാതികൾക്കൊക്കെ വർജ്ജിക്ക തിലതൈലവും
തേങ്ങാനെയ്യുമതിൻ പാലും തേക്കാമേരണ്ഡതൈലവും''

എന്ന് കേരതൈലത്തിന്റെ ഉപയോഗം പറഞ്ഞിട്ടുണ്ടെങ്കിലും, കുട്ടികൾക്കും വലിയവർക്കുമുണ്ടായിക്കാണുന്ന അനവധി രോഗങ്ങളിൽ കേരതൈലം സാർവത്രികമായി ഉപയോഗിക്കാൻ നിർദ്ദേശിക്കുന്ന ഒരേ ഒരു ചികിത്സാഗ്രന്ഥം ആരോഗ്യകല്പദ്രുമം മാത്രമാണ്. തിലജം ചേർത്തു കാച്ചുവാൻ നിർദ്ദേശിച്ചിരിക്കുന്ന പ്രസിദ്ധ യോഗങ്ങളിൽ പോലും ഔചിത്യേന തിലജമോ കേരതൈലമോ ചേർത്തു പാകപ്പെടുത്തുവാൻ കൈക്കുളങ്ങര ഉപദേശിച്ചിരിക്കുന്നു. അതിൽ തന്നെ കേരതൈലം ചേർത്തു കാച്ചുമ്പോൾ യോഗത്തിൽ പാൽ പറഞ്ഞിട്ടുണ്ടെങ്കിൽ തേങ്ങാപ്പാലും തിലജമാണ് ചേർക്കുന്നതെങ്കിൽ പശുവിൻ പാലും ചേർക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭൈഷജ്യകല്പനയിൽ ദ്രവ്യങ്ങളുടെ സംയോഗഫലമായുണ്ടാകുന്ന സവിശേഷ പ്രഭാവത്തെക്കുറിച്ച് കൈക്കുളങ്ങരയ്ക്ക് വിശേഷജ്ഞാനമുണ്ടായിരുന്നുവെന്ന് ഇത് വ്യക്തമാക്കുന്നു. കേരളത്തിലെ പാരമ്പര്യവൈദ്യന്മാർ സ്വീകരിച്ച് നടപ്പിലിരിക്കുന്ന സമ്പ്രദായവും ഇതുതന്നെയാണ്. ബാലചികിത്സയിൽ ഔഷധങ്ങളിൽ നെയ്യ് വിധിച്ചിട്ടുള്ളിടത്തൊക്കെ അവസ്ഥാനുവിധേയമായി ദോഷദൂഷ്യാദി നിരൂപണം ചെയ്ത് പശുവിൻ നെയ്യിന്റെ സ്ഥാനത്ത് തേങ്ങാപ്പാൽ വെന്തെടുത്ത കേരനെയ്യ് ചേർക്കാവുന്നതാണെന്ന് ഗുരൂപദേശവുമുണ്ട്. പ്രസിദ്ധമായ ഗുൽഗുലുതിക്തകം നെയ്യ് തന്നെയും തേങ്ങാ നെയ്യ് ചേർത്ത് കാച്ചി സേവിപ്പിക്കുന്ന സമ്പ്രദായവും നിലവിലുണ്ട്. തൊലിപ്പുറത്തുണ്ടാകുന്ന പലവിധ ത്വഗ്ദോഷങ്ങളിലും മാംസാശ്രിതമായ വ്രണങ്ങളിലും അതു വളരെ ഫലപ്രദമായി കാണുന്നുമുണ്ട്.

ഉദരസംബന്ധമായ രോഗങ്ങളിൽ മുക്കുടി സേവിപ്പിക്കുക കേരളീയ ചികിത്സകരുടെ ഒരു പ്രത്യേകതയാണ്. അതിസാരം, ഗ്രഹണി തുടങ്ങിയ രോഗങ്ങൾക്ക് സിദ്ധഫലപ്രദമായ അനവധി മുക്കുടികൾ ആരോഗ്യകല്പദ്രുമത്തിലുണ്ട്. കരപ്പൻ, വിസപ്പം മുതലായ രോഗങ്ങളിൽ തൈലാഭ്യംഗത്തേക്കാൾ വ്രണശോധനരോപണ ഗുണമുള്ള

മരുന്നുകൾ ഉചിതമായ ദ്രവങ്ങളിൽ ചേർത്തരച്ചു പുരട്ടുന്നതും കേരളത്തിലെ പ്രത്യേക തയാണ്. അതിലേക്ക് ഉപയുക്തമായ ഒട്ടനവധി ലേപങ്ങൾ കൈക്കുളങ്ങര വിവരിച്ചിട്ടു ണ്ട്. പുസ്തകം എഴുതിയ കാലത്തുണ്ടായിരുന്നത്ര കരപ്പൻ രോഗങ്ങൾ ഇക്കാലത്ത് കാണാറില്ലെങ്കിലും, അഹിതാചാരങ്ങളാലും വിരുദ്ധാശനാദികൾ നിമിത്തവും വിസർപ്പ സദൃശമായ പല പുതിയ രോഗങ്ങളും പ്രായഭേദമെന്യേ ഉണ്ടായി കാണുന്നുണ്ട്. പല പ്പോഴും പലവിധ ചികിത്സകൾ ചെയ്തിട്ടും ശമിക്കാത്തവിധം ദുഃശ്ചികിത്സ്യമായിരി ക്കുന്ന അത്തരം രോഗാവസ്ഥകളിൽ ദോഷദൂഷ്യാദ്യവസ്ഥാഭേദങ്ങൾ നിരൂപണം ചെയ്ത്, ആരോഗ്യകല്പദ്രുമത്തിൽ അൻപത്തിയാറു കരപ്പനുകളിലായി വിവരിച്ചിട്ടുള്ള ലേപനങ്ങളും കഷായങ്ങളും നോക്കി അതിൽ നിന്നും വേണ്ടതു തിരഞ്ഞെടുത്ത് ചികി ത്സയിൽ യോജിപ്പിച്ചാൽ അസാദ്ധ്യമെന്നു തോന്നുന്ന പലവിധ ത്വഗ്രോഗങ്ങളും പൂർണ്ണ മായി മാറുന്നതായിട്ടാണ് അനുഭവം.

ഒന്നോ അധികമോ ഔഷധദ്രവ്യങ്ങളെ ഉചിതമായ സ്വരസാദി ദ്രവങ്ങളിൽ ഭാവന ചെയ്തു വീര്യാധിക്യം വരുത്തി ചികിത്സയിൽ ഫലപ്രദമായി പ്രയോജനപ്പെടുത്തുന്ന തിൽ കൈക്കുളങ്ങരയ്ക്കുണ്ടായിരുന്ന സാമർത്ഥ്യം അത്ഭുതാവഹമാണ്. ദ്രവ്യങ്ങളുടെ രസവീര്യവിപാകങ്ങളെക്കുറിച്ചും അവയുടെ ഉചിതമായ കൂട്ടിച്ചേർക്കലുകളെക്കൊണ്ട് ഔഷധത്തിന് സിദ്ധമാകുന്ന പ്രഭാവത്തെക്കുറിച്ചും ഋഷിസമാനമായ ഒരുൾക്കാഴ്ച അദ്ദേഹത്തിന് ഉണ്ടായിരുന്നുവെന്നുള്ളത് തീർച്ചയാണ്. ശ്വാസഹിധ്മാ രോഗത്തിൽ പറഞ്ഞിട്ടുള്ള ''ശൗണ്ഡ്യാദിചൂർണ്ണം'', ''ഭൂനിംബാദിചൂർണ്ണം'' ശ്വിത്രചികിത്സയിൽ പറ ഞ്ഞിട്ടുള്ള ''ശശിരേഖാചൂർണ്ണം'', ഭഗന്ദരചികിത്സയിൽ പറഞ്ഞിട്ടുള്ള ''ഭഗന്ദരമദാന്തക ചൂർണ്ണം'' തുടങ്ങി ഇനിയും ഫലവത്തായ പല ഭാവനാചൂർണ്ണങ്ങളും ഇതിനുദാഹരണ മായി ആരോഗ്യകല്പദ്രുമത്തിൽ ചൂണ്ടിക്കാണിക്കാവുന്നതായുണ്ട്.

സന്ദർഭോചിതം പ്രസിദ്ധ യോഗങ്ങളിൽ ചില മരുന്നുകൾ കൂട്ടിച്ചേർത്ത് വിശേഷ പ്പെടുത്തി പ്രയോഗിക്കുന്ന കാര്യത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന പാടവം അനന്യമാ ണ്. പ്രസിദ്ധമായ പിണ്ഡതൈലത്തിന്:

''ശാരിബാസർജ്ജമഞ്ജിഷ്ഠാ മധൂശ്ചിഷ്ഠൈർ വിപാചിതഃ
ശുദ്ധോദകൈ ബലാകാഥൈ കാഞ്ചികേ വാ, ശൃതേ ജലേ
ശാരിബാമൃതവല്ലീഭ്യാം സ്നേഹ കേരഫലോത്ഭവഃ
തിലജോ വാ ഹിതേഭ്യംഗേ മൂർദ്ധ്നോ/ന്യത്ര നിയഛതി
തദേതൽ പിണ്ഡതൈലന്തു രക്തസ്തംഭാവതാരിതാൻ

വികാരാൻ പർവശോഫാർത്തി ദാഹാദീനഖിലാനപി''
എന്നിങ്ങനെ അവസ്ഥാനുവിധേയമായി സ്വീകരിക്കാവുന്ന നാല് വ്യത്യസ്ത കല്പന കൾ പറഞ്ഞിരിക്കുന്നു.

അതുപോലെ തന്നെ നാളീവ്രണചികിത്സയിൽ കുട്ടികളുടെ അല്പബലത്തെ കണക്കിലെടുത്ത് പ്രസിദ്ധമായ ഗുൽഗുലുതിക്തകയോഗത്തെ സാമാന്യ പരിഭാഷയി ലേക്ക് സങ്കോചിപ്പിച്ച് ''പിചുമന്ദഘൃത'മായി പ്രതിപാദിച്ചിരിക്കുന്നു. അവിടെ കഷായ ത്തിൽ വേപ്പിൻതൊലിയുടെ അംശം 8 പലമായും അമൃതാവൃഷപടോലനിദിഗ്ധികകൾ രണ്ട് പലമായും കല്ക്കത്തിനുള്ള പാഠാദി ഔഷധങ്ങൾ എല്ലാംകൂടി ഒരു പലവും സംശുദ്ധ ഗുൽഗുലു ഒരു പലവും ചേർത്ത് ഒരിടങ്ങഴി നെയ്യ് കാച്ചാനാണ് പറഞ്ഞിരിക്കു ന്നത്. ഇക്കണക്കിലെടുത്തു കാച്ചുന്ന ഈ ഘൃതം കുട്ടികളിൽ മാത്രമല്ല, മുതിർന്നവ രിലും നല്ലവണ്ണം ഫലിച്ചുകാണുന്നുണ്ട്. സുശ്രുതന്റെ ധാന്വന്തരം തൈലയോഗത്തെ വാഗ്ഭടാചാര്യൻ ഫലത്തിനു കുറവുവരാത്തവിധം ''ബലാമൂലകഷായസ്യഭാഗാ ഷ ഡ്.......'' എന്നിത്യാദി ചുരുക്കിച്ചൊല്ലിയതിനെ അനുസ്മരിപ്പിക്കുന്ന പ്രതിഭാവിലാസ മാണ് കൈക്കുളങ്ങര ഇവിടെ പ്രകടമാക്കിയിരിക്കുന്നത്. വാതചികിത്സയിൽ വിവരിച്ചി രിക്കുന്ന രുദ്രതൈലത്തെക്കുറിച്ചും ഇതുതന്നെ പറയാം. കൈക്കുളങ്ങര സാമാന്യ പരി ഭാഷയിൽ പറഞ്ഞിരിക്കുന്ന രുദ്രതൈലത്തിന്റെ കേരളത്തിൽ നടപ്പിലിരിക്കുന്ന പാര മ്പര്യമനുസരിച്ചുള്ള ഔഷധങ്ങളുടെ അംശകല്പന താരതമ്യപഠനത്തിനു വേണ്ടി ഇവിടെ വിവരിക്കുന്നു.

''എട്ടിടങ്ങഴി എണ്ണക്ക് കുറന്തോട്ടി 32 പലം മുതിര ഇടങ്ങഴി, ഉഴുന്ന് ഇടങ്ങഴി, പരുത്തിക്കുരു ഇടങ്ങഴി, ശതാവരി 16 പലം, അരത്ത 8 പലം, ദേവതാരം 4 പലം, കരി ങ്കുറുഞ്ഞി 16 പലം. അമൃത് 8 പലം, പ്രസാരണി 8 പലം, അമുക്കുരം, കൊട്ടം, തകരം, അതിമധുരം, ഇവ പലം - 2 വീതം, ദശമൂലം ഒരോ പലം, മാൻതല ഒന്ന്.

കഷായത്തിനുള്ള വെള്ളം 128 ഇടങ്ങഴി, നാലിലൊന്നാക്കി പിഴിഞ്ഞരിച്ചതിൽ എണ്ണ ചേർത്ത് കല്ക്കത്തിന് അരച്ചു ചേർപ്പാൻ - ദേവതാരം, കുറുന്തോട്ടി, എള്ള്, ചന്ദനം, നറുനീണ്ടി, കൊട്ടം, തകരം, ഇന്തുപ്പ്, ഉലുവ, അകിൽ, തമിഴാമവേര്, അമുക്കു രം, ശതാവരി, മുതുക്ക്, അമൃത്, ത്രിഫല, ശതകുപ്പ, ഏലം, ഇലവർങം, പച്ചില, നാഗപ്പൂ വ്, മഞ്ചട്ടി, തിനയരി, രാമച്ചം, ഇരുവേലി, താമരവളയം, കുങ്കുമപ്പൂവ്, രക്തചന്ദനം, അങ്കോലത്തിൻ വേര്, ചരളം, പ്രസാരണി, വയമ്പ്, ആവിൽത്തോൽ, പുങ്ങിൻതോൽ,

നിർയ്യാസം ഇവ സമമായി അരച്ചു കലക്കി പാലും തൈരും കാടിയും വീഴ്ത്തി എണ്ണ വെന്തു തേയ്ക്ക - നസ്യം ചെയ്ക''

ഈ ബൃഹത് യോഗം കൈക്കുളങ്ങര എഴുതിയിരിക്കുന്ന സാമാന്യ പരിഭാഷ അനുസരിച്ച് കാച്ചി ഉപയോഗിച്ചതിൽ നല്ല ഫലമുള്ളതായിട്ടാണനുഭവം. മാൻ സംരക്ഷിതമൃഗമായി പ്രഖ്യാപിച്ചിരിക്കുന്ന ഇക്കാലത്ത് ഈ യോഗം മാൻതല ചേർത്തു കാച്ചാനാവില്ല. എന്റെ ഗുരുനാഥൻ മാൻകൊമ്പ് കല്ക്ക ദ്രവ്യങ്ങളിൽ ഒന്നിനു സമമായി ചേർത്ത് ഈ തൈലം കാച്ചിയിരുന്നു. മാൻകൊമ്പ് ചേർത്ത് കഷായം വെയ്ക്കുകയുമാവാം. മാൻ തലയ്ക്കു പകരം ആട്ടിൻതല കഷായം വെച്ചു ചേർത്തിട്ടും ഇതു കാച്ചുക പതിവുണ്ട്. മാൻതല ഇല്ലാതെ ''ധാന്വന്തരം തൈല'' മെന്ന പേരിൽ ഈ യോഗം ചില താളിയോലഗ്രന്ഥങ്ങളിൽ എഴുതി കണ്ടിട്ടുണ്ട്. അതിൻപ്രകാരം കാച്ചിയതും ഫലപ്രദമായിട്ടാണ് അനുഭവം.

ഔഷധ ദ്രവ്യങ്ങളുടെ ലഭ്യത കുറഞ്ഞു വരുന്ന ഇക്കാലത്ത് ഫലത്തിന് ന്യൂനത വരാത്ത വിധം ബൃഹത്യോഗങ്ങളെ ലഘൂകരിക്കേണ്ടത് ഒരത്യാവശ്യമായി തീർന്നിരിക്കുന്നു. ഈ വിഷയത്തിൽ ശ്രീ. കൈക്കുളങ്ങരയുടെ പരിശ്രമം ശ്ലാഘനീയമായിരിക്കുന്നു.

രോഗങ്ങളെയും അവയ്ക്കുള്ള ചികിത്സയെയും വിവരിച്ചിട്ടുള്ളതിനോടൊപ്പം രോഗം വരാതിരിക്കുന്നതിലേക്ക് കുട്ടികൾക്ക് പ്രതിരോധശേഷി ഉണ്ടാവുന്നതിനുപയുക്തമായ ഔഷധങ്ങളെക്കുറിച്ചും കൈക്കുളങ്ങര പ്രതിപാദിച്ചിട്ടുണ്ട്. മതിലുകൾ ശത്രുക്കളിൽ നിന്നു ഗൃഹത്തെ രക്ഷിക്കുന്നതു പോലെ ചില സിദ്ധൗഷധങ്ങൾ രോഗങ്ങളിൽ നിന്നും ദേഹത്തെ രക്ഷിക്കുന്നു. അത്തരം ഔഷധ യോഗങ്ങളെ പ്രാകാരയോഗങ്ങൾ എന്നു പറയുന്നു. പ്രാകാരം എന്നാൽ മതിലെന്നർത്ഥം. ആരോഗ്യകല്പദ്രുമം 35-ാം അദ്ധ്യായത്തിൽ കുട്ടി ജനിച്ചതു മുതൽ 11-ാം വയസ്സു വരെ സേവിപ്പിക്കേണ്ടുന്ന സിദ്ധ ഫലപ്രദമായ ബഹുവിധ പ്രാകാരയോഗങ്ങളെ വിവരിച്ചിരിക്കുന്നു. ആധുനിക വൈദ്യശാസ്ത്രത്തിലെ ഒരു പ്രധാനശാഖയാണ് ഇമ്മ്യൂണോളജി. ഇമ്മ്യൂണിസേഷനെ കുറിച്ച് ആധുനിക വൈദ്യശാസ്ത്രജ്ഞന്മാർ ചിന്തിച്ചു തുടങ്ങുന്നതിനും ഒന്നേകാൽ നൂറ്റാണ്ടിനു മുമ്പ് കൈക്കുളങ്ങര അതേക്കുറിച്ച് ചിന്തിക്കുകയും ഗ്രന്ഥരചന നടത്തുകയും ചെയ്തതോർക്കുമ്പോൾ അദ്ദേഹത്തിന്റെ ധിഷണ എത്രയധികം നവീനമായിരുന്നുവെന്ന് കാണാവുന്നതാണ്.

ഈ കുറിപ്പ് അവസാനിപ്പിക്കുന്നതിനുമുമ്പ് ആരോഗ്യകല്പദ്രുമത്തിൽ വിസർപ്പ ചികിത്സയിൽ പറഞ്ഞിട്ടുള്ള ''ബാലാമൃതരസായന''ത്തെ അടിസ്ഥാനമാക്കി എന്റെ ഗുരുനാഥൻ എൻ. കുമാരൻ വൈദ്യരുടെ വല്യമ്മാവനും ശ്രീമൂലം തിരുനാളിന്റെ പാലസ് ഫിസിഷ്യനുമായിരുന്ന തോട്ടത്തിൽ ശങ്കുവൈദ്യൻ ഒരു വിശേഷാൽ ''അമൃതഭല്ലാത കലേഹം'' തയ്യാറാക്കി ചികിത്സയിൽ ഉപയോഗിച്ചിരുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നത് അപ്രസക്തമാവില്ലെന്ന് വിചാരിക്കുന്നു. വളരെ ഫലപ്രദമായ അതിന്റെ സമ്പ്രദായം എനിക്ക് ഗുരുനാഥൻ ഉപദേശിച്ച പ്രകാരം ഇവിടെ വിവരിക്കുന്നു.

''ചേർക്കുരു ശുദ്ധി ചെയ്ത് പലം 8, നാലിടങ്ങഴി വെള്ളത്തിൽ കഷായം വെച്ച് ഒരിടങ്ങഴിയാക്കി അരിച്ച് ഏലത്തരി, കുടകപ്പാലയരി, കൊത്തമ്പാലയരി, ചെറുപ്പുന്നയരി, വിഴാലരി, കാർകോകിലരി, ശുദ്ധി ചെയ്ത ഗുൽഗുലു, മാശിക്ക, ജീരകം, കരിംജീരകം, പെരിംജീരകം, തെച്ചിപ്പൂവ് ഉണങ്ങിയത്, തുമ്പപ്പൂവ് ഉണങ്ങിയത്, ചീനപ്പാവ്, ചുവന്നരത്ത, വകയ്ക്ക് കഴഞ്ച് 3 വീതം പൊടിച്ച് ശീലവടി ചെയ്തെടുത്ത് അതിൽ 12 കഴഞ്ച് പൊടി, ചേർക്കുരു കഷായത്തിൽ അരച്ചുകലക്കി ഇരുന്നാഴി പശുവിൻ നെയ്യ് ചേർത്ത് വറ്റിച്ച് പിറ്റേ ദിവസം 4 ഇടങ്ങഴി പശുവിൻ പാലും ചേർത്ത് വറ്റിച്ച് കട്ടിച്ചെളി ആക്കി അടുത്ത ദിവസം അരക്കു പാകത്തിൽ അരിക്കണം. (ലേഹ്യത്തിന് കഷായം) കരിങ്ങാലിക്കാതൽ, വേപ്പിൻപട്ട, കരുവിലാഞ്ചിക്കിഴങ്ങ്, പൊൻകുറണ്ടി വേര് വകയ്ക്കു പലം 2 വീതം - വെള്ളം ഇടങ്ങഴി 8 കുറികോൽ ഇടങ്ങഴി - 2, ശർക്കര പലം 16, പഞ്ചസാര പലം 16. ടി കഷായത്തിൽ 16 പലം ശർക്കര പാവുകാച്ചി തേനിന്റെ പാകത്തിൽ ശേഷം ഇരിക്കുന്ന പൊടിയും വിതറി ഇളക്കി ടി നെയ്യും ചേർത്തു മർദ്ദിച്ച് ആറിയതിനു ശേഷം 16 പലം പഞ്ചസാരയും 2 തുടം തേനും ചേർത്തു മർദ്ദിച്ചു മുക്കാൽ കഴഞ്ചു വീതം സേവിക്കുക''

കഫവും മേദസ്സും വർദ്ധിച്ച് രക്തദുഷ്യത്തോടുകൂടിയ അനേക രോഗങ്ങളിൽ ഈ ലേഹ്യം വളരെ ഫലപ്രദമാണ്. ഭല്ലാതകം സേവിക്കുമ്പോൾ ആചരിക്കാൻ പറഞ്ഞിട്ടുള്ള എല്ലാവിധ പത്ഥ്യാചരണവും അനുഷ്ഠിക്കേണ്ടതാണ്. സദ്യസ്നേഹമെങ്കിലും ചെയ്ത് വിയർപ്പിച്ച് വിരേചനം ചെയ്തു കോഷ്ഠശുദ്ധി വരുത്തിയതിനു ശേഷമാണ് ഇത് സേവിപ്പിക്കുക പതിവ്. ''രഹസ്യമായെൻ ഗുരുക്കന്മാർ വെച്ചു പാലിച്ച നേകധാ കൈകണ്ട'' ഈ യോഗം ഭാവിയിൽ രേഖപ്പെടുത്താതെ നഷ്ടപ്പെടരുതെന്ന വിചാരം കൊണ്ടാണ് ഇവിടെ വിവരിച്ചത്.

ശ്രീ കൈക്കുളങ്ങര ''വൈദ്യഗ്രന്ഥമാല'' എന്ന പേരിൽ ഒരു ലഘുഗ്രന്ഥ പരമ്പര പ്രസിദ്ധീകരിച്ചതായി കാണുന്നുണ്ട്. അതിന്റെ ഒന്നാം പുസ്തകം മാത്രമേ ഞാൻ കണ്ടിട്ടുള്ളൂ. 1945-ൽ ഭാരതവിലാസം ബുക്ക് ഡിപ്പോയിൽ നിന്നും പ്രസിദ്ധീകരിച്ച ഒന്നാം ഭാഗത്തിൽ ജ്വരത്തിൽ സേവിക്കുന്നതിനുള്ള പത്ത് ''മാത്രാ ഔഷധങ്ങളും, സന്നിചികിത്സ, ഗർഭ ചികിത്സ, നേത്രരോഗ ചികിത്സ എന്നിവയും ''വലിയ കരിമ്പിരുമ്പാദി കഷായം'' തുടങ്ങി ഏതാനും ഔഷധയോഗങ്ങളുമാണുള്ളത്. ഇതിൽ ശ്രദ്ധേയമായി തോന്നിയത് മാത്രാ ഔഷധങ്ങളാണ്. അതിന്റെ രീതി കാണിക്കാൻ ഒന്നാമതായി വിവരിച്ചിട്ടുള്ള ''സാർവഭൗമ മാത്ര''യുടെ വിവരണം പകർത്തിച്ചേർക്കുന്നു.

''ചിറ്റമൃതിന്റെ ഊറൽ എടുത്തു ചുക്ക്, മുളക്, തിപ്പലി, രുദ്രാക്ഷം, ഉഴിഞ്ഞ വേര്, ജീരകം, കരിംജീരകം, ത്രിഫല, വയമ്പ്, ജാതിയ്ക്ക, അയമോദകം, മുത്തങ്ങ, കരയാമ്പൂവ്, ചിറ്റരത്ത, വാൽമുളക്, പുത്തരിച്ചുണ്ട വേര്, ഈ പതിനാറുകൂട്ടം ഔഷധങ്ങളിൽ ഓരോന്നും ക്രമത്തിൽ കഷായം വെച്ച് അതിൽ ഓരോ ദിവസം അരച്ചു ഉരുട്ടി ഉണക്കി അവിഗാഢമാകിയ നിംബമൂലം തുരന്ന് അതിനകത്തുവെച്ചു മൂടി ഏഴു ദിവസം കഴിഞ്ഞാൽ എടുത്ത്, പൂവ്വാംകുറുന്നില, വിഷ്ണുക്രാന്തി, കൊടിയാവണക്ക്, ചുരത്തണ്ട്, കരിമ്പനപ്പട്ട, കയ്പയില, മുരിങ്ങത്തൊലി, കരിനൊച്ചി, കണ്ടകാരി, ഉമ്മത്ത്, പർപ്പടകപ്പുല്ല്, പുല്ലാനിത്തളിർ, തുളസി, ലന്തയില, ചെറുനാരകത്തില, നീരാരൽ, ഇവറ്റിൻ നീരിൽ ക്രമത്താലെ ഈരണ്ട് യാമം അരച്ച് ഉരുട്ടി ഉണക്കി വില്വമൂലം തുരന്നു അതിനകത്തു വെച്ച് മൂടി ഏഴു ദിവസം കഴിഞ്ഞാൽ എടുത്ത്, ചെറുനാരങ്ങാനീർ, ചെറുവഴുതിന നീര്, ഇളയ കൂവളക്കായ ഇടിച്ചു പിഴിഞ്ഞ നീര്, കുമ്പളങ്ങയുടെ നീര് ഇവയിലും ആട്ടിൻപാൽ, മുലപ്പാൽ, എരുക്കിൻപാൽ, കള്ളിപ്പാൽ ഇവയിലും ഒടുവിൽ കോഴിമുട്ടയുടെ വെള്ളയിലും അരച്ചു നെല്ലിക്കാ പ്രമാണം ഉരുട്ടി നിഴലിലുണക്കി മൂപ്പെത്തിയ പലാശവൃക്ഷം മുറിച്ചു കുറ്റി തുരന്നു വെവ്വേറെ അതിനകത്തു വെച്ചു അതിന്റെ ശകലം കൊണ്ടുതന്നെ മൂടി, കുറ്റി മുഴുവനും മൂടി വരുമാറു ഏഴു ശീലമൺ ചെയ്തു വരടി കൊണ്ടു മൂടി മുപ്പതു നാഴിക വെന്ത് ആറി എടുത്തു മുത്തങ്ങാക്കഷായം വെച്ചു അതിൽ അല്പം ഉരസിച്ചേർത്തു കൊടുക്കുക. എല്ലാ ജ്വരങ്ങളും ശമിക്കും.''

ഇതുപോലുള്ള അത്യപൂർവ്വമായ പല ചികിത്സാവിധികളും അറിഞ്ഞിരുന്ന മഹാവൈദ്യനായിരുന്ന ശ്രീ കൈക്കുളങ്ങര രാമവാര്യരുടെ പ്രസിദ്ധ കൃതിയായ ''ആരോഗ്യ കല്പദ്രുമം'' സമാന പ്രതിഭയായിരുന്ന ശ്രീ. ഉണ്ണി മൂസ്സിന്റെ പേരിൽ നടത്തുന്ന ശാസ്ത്രസെമിനാറിൽ ചർച്ചയ്ക്ക് നിശ്ചയിച്ചത് വളരെ അന്വർത്ഥമായി. ആ രണ്ട് അപൂർവ്വ വൈദ്യന്മാർക്കും എന്റെ പ്രണാമം. ഇങ്ങനെയൊരു കുറിപ്പെഴുതാൻ എനിക്ക്

അവസരം നല്കിയ എസ്.എൻ.എ. ഔഷധശാലയുടെ ചെയർമാൻ അഷ്ടവൈദ്യൻ ശ്രീ. പി.ടി.എൻ. വാസുദേവൻ മൂസ്സിനോടും സഹപ്രവർത്തകരോടുമുള്ള എന്റെ സ്നേഹപൂർണ്ണമായ കൃതഞ്ജത രേഖപ്പെടുത്തുന്നു.